C 82402-B (Pages : 2) Name..................................

Reg. No..................................

# SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2020

Malayalam

MAL 2A 08 (3)—MALAYALA BHASHAYUM SAHITHYAVUM–2

Time : Two Hours and a Half Maximum : 80 Marks

## Section A

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ.

പരമാവധി മാർക്ക് 25.

1. 'ഞാൻ ആകെ വിയർത്തു ; വയറ്റിൽ ചെന്നതെല്ലാം ദഹിച്ചു പോയി'. ബഷീർ പറയുന്ന സംഭവമെന്ത് ?
2. 'അങ്ങ് ചെയ്തത് വലിയ കാര്യമാണ്. ഇത്ര ഒരു നല്ല മനുഷ്യനെ ഞാൻ കണ്ടിട്ടില്ല'. ആരുടെ വാക്കുകൾ ? ഇങ്ങനെ പറയാൻ കാരണമെന്ത് ?
3. 'സാത്താന്മാരേ, മരിച്ചവരെയും നിങ്ങൾ വെറുതേ വിടുകയില്ലേ '? ആരുടെ ചോദ്യം ? സന്ദർഭം എഴുതുക.
4. 'കർത്താവ് ഈ പാപിക്ക് കാണിച്ചു തന്ന വഴിയിതാണ് '. സൂചിതം വ്യക്തമാക്കുക.
5. 'അടക്കിപ്പിടിക്കലുകൾ അപകടകാരികളാണ്, അതു നമ്മളെ വേരോടെ ചീയിക്കും'. സന്ദർഭവും സാരസ്യവും എഴുതുക.
6. 'ജീവിതപ്പാത' എന്ന ആത്മകഥയെ വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ എന്തെല്ലാം ?
7. 'ഏറ്റവും ഔചിത്യമുള്ള സമ്മാനമായിരുന്നു അത് '. ചന്ദ്രമതി ഇങ്ങനെ പറയാനിടയായ സംഭവം എന്ത് ? വിശദീകരിക്കുക.
8. 'ആ പുണ്യചരിതനെ ഓർത്ത് ഞാനിവിടെ നിർത്തുന്നു. അദ്ദേഹത്തിന്റെ ശിഷ്യൻ എല്ലാ നിയന്ത്രണവും വിട്ടാൽ നന്നല്ലല്ലോ.' ലേഖകൻ സൂചിപ്പിച്ച സംഭവമെന്ത് ?
9. 'ഭഗ്നഭവനം' എന്ന നാടകനാമം നാടകപ്രമേയത്തെ എത്രമാത്രം അർത്ഥവത്താക്കുന്നു ? വ്യക്തമാക്കുക.
10. 'സ്നേഹം മൗഢ്യത്തിന്റെ സന്തതിയാണെന്ന് ഞാൻ മനസ്സിലാക്കിക്കഴിഞ്ഞു' സന്ദർഭം, വിവക്ഷിതം എന്നിവ എഴുതുക.
11. 'എടാ ദുഷ്ടമൃഗമേ ! ഇറങ്ങെന്റെ വീട്ടിൽ നിന്ന് മാധവൻ നായർ മരുമകനെ വീട്ടിൽ നിന്ന് ഇങ്ങനെ ആട്ടിയിറക്കാനിടയായതെപ്പോൾ ?
12. 'ഹാ ! ഞാനെന്റെ കുഞ്ഞിനെ ഈ കാട്ടാളനു പിടിച്ചു കൊടുത്തല്ലോ !' മാധവൻ നായർ ഇങ്ങനെ ദുഃഖിക്കാൻ ഇടയായ സാഹചര്യം എഴുതുക.

Turn over

13. 'മൃഗത്തെപ്പോലെ ഈ കാട്ടിൽ ഇങ്ങനെ ജീവിക്കുന്നതിലും ഭേദം മണ്ണിനടിയിൽ കിടക്കുന്നതാണ്' എൻമകജെയിലെ സ്ത്രീ ഇങ്ങനെ പറയാനിടയായതെപ്പോൾ ?
14. 'ഭയാനകമായ കാഴ്ചയാണ് അയാളെ എതിരേറ്റത്' എൻമകജെയിലെ പുരുഷൻ കണ്ട കാഴ്ചയെന്ത് ?
15. 'പൊലയാടി മോനേ, എനിക്കെതിരെ കേസു കൊടുക്കാൻ ധൈര്യമുള്ള ആരാ ഈ ലോകത്തുള്ളത് ?' സന്ദർഭവും സാരസ്യവും എഴുതുക.

(25 marks)

## Section B

ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ.

പരമാവധി മാർക്ക് 35.

16. പ്രശ്നനാടകം എന്നാലെന്ത് ? സ്വഭാവം ഉദാഹരണസഹിതം വിശദീകരിക്കുക.
17. 'പയറുവള്ളികളിൽത്തൂങ്ങി നമ്മളൊക്കെ' എന്ന കഥയിലെ പത്മിനി അനുഭവിക്കുന്ന സങ്കടങ്ങൾ എന്തൊക്കെ ? വിശദീകരിക്കുക.
18. ഒരു മനുഷ്യൻ എന്ന കഥ അവതരിപ്പിക്കുന്ന മുഖ്യ വിഷയങ്ങൾ എന്തെല്ലാം ? വിവരിക്കുക.
19. 'സന്താനഗോപാലം' എന്ന കുറിപ്പിനെ ഇതര ആത്മകഥാക്കുറിപ്പുകളിൽ നിന്ന് വ്യത്യസ്തമാക്കുന്ന എന്തെങ്കിലും സവിശേഷതകൾ ഉണ്ടോ ? വിശദീകരിക്കുക.
20. എൻമകജെ എന്ന നോവൽ ഒരു സോദ്ദേശ സൃഷ്ടിയാണെന്ന് പറയാനാവുമോ ? സ്വമതം വ്യക്തമാക്കുക.
21. ജഗ്ഗിയെയും അമർജിത്തിനെയും കലാപകാരികൾ കാണാതെ കന്യാസ്ത്രീകൾ രക്ഷപ്പെടുത്തിയതെങ്ങനെ ?
22. 'എന്റെ വാക്കുകൾ മുരടിച്ചു പോയി. ചുണ്ടുകൾ നെടുവീർപ്പു തട്ടി ഉണങ്ങിപ്പോയി' ആരുടെ വാക്കുകൾ ? സാരസ്യമെന്ത് ?
23. 'ശാസ്ത്രമാണ് അവന്റെ കൈയിലെ ആയുധം. സ്വാർത്ഥതയാണ് അവന്റെ നെറ്റിക്കുറി' ആരുടെ വാക്കുകൾ ? വിവക്ഷിതമെന്ത് ?

(35 marks)

## Section C

ഏതെങ്കിലും **രണ്ട്** ചോദ്യത്തെക്കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24. എൻമകജെ എന്ന നോവലിനെ പ്രസക്തമാക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ് ? വിവരിക്കുക.
25. ഭഗ്നഭവനം എന്ന നാടകത്തിലെ കഥാപാത്ര സൃഷ്ടിയെപ്പറ്റി ഉപന്യസിക്കുക.
26. വൻമരങ്ങൾ വീഴുമ്പോൾ എന്ന കഥയ്ക്ക് നിരൂപണം തയ്യാറാക്കുക.
27. 'പാവം മനുഷ്യൻ' എന്ന ലേഖനത്തിൽ ചെറുകാട് വിവരിക്കുന്ന കാര്യങ്ങൾ ചുരുക്കി എഴുതുക.

($2 \times 10 = 20$ marks)